Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2020/1515-6 (4)                    തിയതി : 19.08.2020

## സർക്കുലർ

വിഷയം:- കൈറ്റ് – ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതി – സ്കൂളുകൾക്ക് ലഭ്യമാക്കിയ ഐ.സി.ടി. ഉപകരണങ്ങൾ ഉപയോഗിക്കുന്നതും പരിരക്ഷിക്കുന്നതും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : -1. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.
2. സ. ഉ(സാധാ) നം. 2177/2019/പൊ.വി.വ തീയതി 06.06.2019
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.05.2020 ലെ ആർ&ആർ(1)/90070/2020/ ഡിജിഇ നമ്പർ സർക്കുലർ.
4. കൈറ്റിന്റെ 07.05.2020 ലെ KITE/2019/1515-6 (1) നമ്പർ സർക്കുലർ
5. സ. ഉ(സാധാ) നം. 1756/2020/പൊ.വി.വ തീയതി 29.05.2020.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.05.2020 ലെ ക്യു.ഐ.പി.(1)/9141/2020/ ഡി.ജി.ഇ സർക്കുലർ.
7. കൈറ്റിന്റെ 07.05.2020 ലെ KITE/2019/1515-6 (1) നമ്പർ സർക്കുലർ
8. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.08.2020 ലെ എൻ.ഇ.പി-1357/2020/ ഡി.ജി.ഇ നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്ത ഐ.സി.ടി. ഉപകരണങ്ങൾ അവധിക്കാലത്ത് ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനും സൂചന 5 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന 'ഫസ്റ്റ് ബെൽ' ക്ലാസുകൾ വീക്ഷിക്കുന്നതിന് സൗകര്യങ്ങളില്ലാത്ത കുട്ടികൾക്ക് അതൊരുക്കുന്നതിനായി ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകളിൽ വിന്യസിച്ച ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും കൈറ്റ് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരുന്നു.

കേരളത്തിലെ 1 മുതൽ 12 വരെ ക്ലാസുകളുള്ള 16026 സ്കൂളുകളിലായി 116259 ലാപ്ടോപ്പ്, 67194 പ്രൊജക്ടർ, 4545 ടെലിവിഷൻ, 4611 പ്രിന്റർ, 4720 വെബ്ക്യാം, 4578 ഡി.എസ്.എൽ.ആർ ക്യാമറ, 97655 യു.എസ്.ബി സ്പീക്കർ തുടങ്ങിയ ഉപകരണങ്ങൾ ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി കൈറ്റ് വിന്യസിച്ചിട്ടുണ്ട്. കോവിഡ് 19 മഹാമാരിമൂലം 2020 മാർച്ച് മുതൽ സ്കൂളുകൾ ശരിയായി പ്രവർത്തിപ്പിക്കാൻ കഴിയാത്തതു കാരണം ഐസിടി ഉപകരണങ്ങളുടെ അവധിക്കാലത്തെ ഉപയോഗവും പരിരക്ഷയും അടിയന്തിരമായി പരിശോധിക്കുന്നതിന് തീരുമാനിക്കുകയും സൂചന 8 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിലെ ഐസിടി ഉപകരണങ്ങളുടെ പരിശോധന സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സർക്കാർ പുറപ്പെടുവിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് പരമാവധി സ്കൂളുകളിൽ ചുമതലപ്പെടുത്തുന്നവർ നേരിട്ട് സന്ദർശനം നടത്തി വിശദാംശങ്ങൾ ശേഖരിക്കേണ്ടതാണ്.


VICTERS The Complete Educational Channel victers.kite.kerala.gov.in
Kerala Infrastructure and Technology for Education (KITE)
Poojappura P.O. Thiruvananthapuram-695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in
www.kite.kerala.gov.in
(CIN : U74999KL2017NPL049848

2. ഐസിടി ഉപകരണങ്ങളുടെ ഉപയോഗവും പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിലെ പ്രഥമാധ്യാപകരുമായി കൈറ്റിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് വീഡിയോ/ ഓഡിയോ കോൺഫറൻസ് നടത്തുന്നതിനും ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

3. മാസ്റ്റർ ട്രെയിനർ, ടെക്നിക്കൽ അസിസ്റ്റന്റ്, ആവശ്യമെങ്കിൽ പ്രവർത്തിക്കാൻ സന്നദ്ധരായ ഐടി കോർഡിനേറ്റർ (എസ്.ഐ.ടി.സി, എച്ച്.ഐ.ടി.സി, വിഎച്ച്.ഐ.ടി.സി), തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

4. സ്കൂളുകൾക്ക് നൽകിയ ഐസിടി ഉപകരണങ്ങൾ ഫലപ്രദമായി സംരക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനായി ഓരോ സ്കൂളിനും നൽകിയ ഉപകരണങ്ങളുടെ കൃത്യമായ എണ്ണം ഓൺലൈൻ വിതരണ സംവിധാനത്തിൽ രേഖപ്പെടുത്തിയതാണ് സ്കൂൾ സന്ദർശനത്തിൽ പരിശോധിക്കേണ്ടത്.

5. കൈറ്റിന്റെ സൂചന 4 സർക്കുലർ പ്രകാരം ഉപകരണങ്ങൾ പരിപാലുക്കുന്നുണ്ടോ എന്നും വിശദാംശങ്ങൾ ഐടി അഡ്വൈസറി കൗൺസിലിന്റെ മിനിറ്റ്സ് ബുക്കിലോ പ്രത്യേക റിപ്പോർട്ടായോ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

6. കൈറ്റ് 2019 ൽ നടത്തിയ സ്കൂൾ സർവെ/ഓഡിറ്റിൽ പിശകുകൾ കണ്ടെത്തിയ സ്കൂളുകളിലും ആദ്യഘട്ട പരിശോധന നടത്തേണ്ടതാണ്. ജില്ലാതലത്തിൽ മാസ്റ്റർ ട്രെയിനർമാരുടെ യോഗം ചേർന്ന് സ്കൂൾ സന്ദർശനത്തിന്റെ മുൻഗണന തീരുമാനിക്കേണ്ടതാണ്.

7. ഷെഡ്യൂൾ തയ്യാറാക്കി സ്കൂളുകളെ മുൻകൂട്ടി അറിയിച്ചായിരിക്കണം സന്ദർശനം നടത്തേണ്ടത്. സ്കൂളിന് ആകെ വിതരണം ചെയ്ത ഉപകരണങ്ങളിൽ ഏതെങ്കിലും കറവുണ്ടെങ്കിൽ കൃത്യമായ രേഖപ്പെടുത്തൽ (വിതരണ രജിസ്റ്ററിൽ ചേർത്ത് അധ്യാപകർ കൊണ്ടുപോയി, ഫസ്റ്റ് ബെൽ ആവശ്യത്തിന്, കൊറോണ പ്രതിരോധം പോലെ ഏതെങ്കിലും ആവശ്യത്തിന്) വരുത്തിയിട്ടുണ്ടോ, നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തെങ്കിൽ ആയതിനുള്ള രേഖ (പോലീസ് കേസ്, സർവീസ് ചെയ്യുന്നതിനുള്ള രസീത്) ഉണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്.

8. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നൽകിയിരിക്കുന്ന ഉപകരണങ്ങളെ സംബന്ധിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന ഫോർമാറ്റിലെ വിശദാംശങ്ങൾ സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്വത്തിൽ ഓൺലൈൻ സംവിധാനത്തിൽ (www.schoolsurvey.in) ഉൾപ്പെടുത്തേണ്ടതും സ്കൂൾ സന്ദർശിക്കുന്ന കൈറ്റ് പ്രതിനിധി ഉപകരണങ്ങളുടെ എണ്ണത്തിൽ വ്യത്യാസമോ, ഉപകരണങ്ങൾ പരിപാലിക്കുന്നതിൽ അശ്രദ്ധയോ കണ്ടെത്തിയാൽ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ കോർഡിനേറ്റർക്ക് ഉടൻതന്നെ നൽകേണ്ടതാണ്.

9. അധ്യാപകർക്കോ, 'ഫസ്റ്റ് ബെൽ' പ്രവർത്തനം തുടങ്ങിയ ഏതെങ്കിലും ആവശ്യങ്ങൾക്കോ വിതരണം നടത്തിയിട്ടുണ്ടെന്ന് അറിയിച്ചാൽ ടി ഉപകരണങ്ങൾ അവരവരുടെ പക്കൽതന്നെ സുരക്ഷിതമായി ഉപയോഗിക്കുന്നു എന്നും അന്വേഷിച്ച് (ടെലഫോൺ മുഖേനയോ മറ്റോ) ഉറപ്പുവരുത്തേണ്ടതാണ്.

10. വിവരശേഖരണത്തിലൂടെ കണ്ടെത്തുന്ന വിശദാംശങ്ങളുടെ ക്രോഡീകരിച്ച റിപ്പോർട്ട് ഓരോ ആഴ്ചയിലേയും അവസാന പ്രവൃത്തി ദിവസം സ്റ്റേറ്റ് ഓഫീസിലേക്ക് ജില്ലാ കോർഡിനേറ്റർ നൽകേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാകോർഡിനേറ്റർ മുഖേന)
എല്ലാ ജില്ലാകോർഡിനേറ്റർ, മാസ്റ്റർ ട്രയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ആർ.ഡി.ഡി./എ.ഡി./ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ജില്ലാകോർഡിനേറ്റർ മുഖേന)
സ്റ്റോക്ക് ഫയൽ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ഹൈടെക് സ്കൂൾ പദ്ധതി - ഐ സി ടി ഉപകരണങ്ങളുടെ പരിപാലനം - വിലയിരുത്തൽ

സ്കൂൾ കോഡ് : സ്കൂളിന്റെ പേര് :

Table I – Stock

| Sl No | Item | Received from KITE under Hi Tech Project (Nos.) | Kept in school on the day of visit (Nos.) | Issued as per Issue Register (Nos.) | Difference in stock (Nos.) | Remarks |
|---|---|---|---|---|---|---|
| 1 | Laptop for class rooms | | | | | |
| 2 | Laptop for Labs | | | | | |
| 3 | Projector | | | | | |
| 4 | Speaker | | | | | |
| 5 | DSLR Camera | | | | | |
| 6 | Web Cam | | | | | |
| 7 | TV | | | | | |
| 8 | Printer | | | | | |
| 9 | Router | | | | | |
| 10 | Switch | | | | | |

Table II – Working Status

| Sl No | Item | Number received from KITE under Hi Tech Project | Working | Not Working | Number Compliant registered in present case | Remarks |
|---|---|---|---|---|---|---|
| 1 | Laptop for class rooms | | | | | |
| 2 | Laptop for Labs | | | | | |
| 3 | Projector | | | | | |
| 4 | Speaker | | | | | |
| 5 | DSLR Camera | | | | | |
| 6 | Web Cam | | | | | |
| 7 | TV | | | | | |
| 8 | Printer | | | | | |
| 9 | Router | | | | | |
| 10 | Switch | | | | | |

Table III – Measures of protection

| Sl No | Item | Neatness and protections taken | | | | Remarks |
|---|---|---|---|---|---|---|
| | | Good | Average | Poor | Very Poor | |
| 1 | Laptop for class rooms | | | | | |
| 2 | Laptop for Labs | | | | | |
| 3 | Projector | | | | | |
| 4 | Computer Labs | | | | | |
| 5 | Hitech Class rooms | | | | | |

Date :

Name, Designation & Signature (person who visited the school)